പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1222 12.07.2016-ൽ മറുപടിക്ക്

തിരുവമ്പാടി കെ.എസ്. ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ

ചോദ്യം

ശ്രീ. ജോർജ് എം. തോമസ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച കെ.എസ്. ആർ.ടി.സി തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കെട്ടിടനിർമ്മാണം എന്നാരംഭിക്കുമെന്നു വിശദമാക്കാമോ; | (ബി) | കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിനുസരിച്ച് 21.02.2016-ൽ പ്രവൃത്തി ദർഘാസ് ക്ഷണിക്കുകയും അടങ്കൽ തുക 81,45,463/- രൂപയും വരുന്നുണ്ട്. ടി തുക ധനകാര്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. |
| (സി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും കൂടുതൽ ബസ്സുകളും ഷെഡ്യൂളുകളും അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.<br>നിലവിൽ 31 ഷെഡ്യൂളുകൾ ഓടിക്കുന്നതിന് 31 ബസുകൾ ഉണ്ട്. സ്പെയറായി 3 ഓർഡിനറി ബസുകളുടെ കുറവാണുള്ളത്.<br>പുതിയ ബസുകൾ നിരത്തിലിറ |

| | | | |
|---|---|---|---|
| | | | ക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യവും പുതിയ സർവ്വീ-സുകൾ ആരംഭിക്കുന്ന കാര്യവും പരിഗണി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ